# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1760** **16/06/2014-ൽ മറുപടിയ്ക്ക്**

**<u>മത്സ്യഗ്രാമം പദ്ധതി</u>**

| **ചോദ്യം**<br>**ശ്രീ. എ. പ്രദീപ് കുമാർ:** | | **മറുപടി**<br>**ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
|---|---|---|
| (എ) മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (എ) | സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ 2012-13 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന മത്സ്യഗ്രാമങ്ങളിൽ ആകെ 4.17 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>കൊയിലാണ്ടി - 200.06 ലക്ഷം രൂപ.<br>ഏലത്തൂർ - 217.00 ലക്ഷം രൂപ.<br><br>മേൽ പദ്ധതിയിൽ 283.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 63.81 ലക്ഷം രൂപയുടെ വൈദ്യുതീകരണം, 38.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റുകൾ, 28.80 ലക്ഷം രൂപയുടെ വ്യക്തിഗത ടോയ്‌ലറ്റുകൾ എന്നിവ ഉൾപ്പെടുന്നു<br><br>മേൽപദ്ധതിയിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ വെള്ളയിൽ മത്സ്യഗ്രാമത്തിൽ 203.00 ലക്ഷം രൂപ അടങ്കൽ തുകയിൽ 129.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 48.40 ലക്ഷം രൂപയുടെ വൈദ്യുതീകരണം, 20.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റുകൾ, 5.60 ലക്ഷം രൂപയുടെ ലൈബ്രറി എന്നിവ ഉൾപ്പെടുന്ന ആകെ 2.03 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പദ്ധതിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 40.00 ലക്ഷം രൂപയുടെ വൈദ്യുതീകരണം, 70.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 170.00 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം, 128.00 ലക്ഷം രൂപയുടെ ബേപ്പൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ നിർമ്മാണം, 209.00 ലക്ഷം രൂപയുടെ ബേപ്പൂർ കൊയിലാണ്ടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. |

**സെക്ഷൻ ആഫീസർ**